കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ-പികെഡി-9-985/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 26-07-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ്

പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി-9/985 /2017 തിയ്യതി: 26-07-2017

## പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-10-2016 മുതൽ 31-05-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1-6-2017 മുതൽ 7-6-2017 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.പി.രമാദേവി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.എ.സുജാത | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.മുഹമ്മദ് ഹിഷാം | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വി.കെ.ഷംസുദ്ദീൻ | 1-4-2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീ.ഇ.ഹരിദാസൻ<br><br>അസി.സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 1-4-2016 മുതൽ 22-12-2016 വരെ |
| | ശ്രീ.വി.മുരളീധരൻ | 23-12-2016 മുതൽ 9-1-2017 FN വരെ |
| | ശ്രീ.ജെ.ഷാജി<br><br>(അഡീ.ചാർജ്ജ്) | 9-1-2017 AN മുതൽ 6-2-2017 വരെ |
| | ശ്രീ.ഇ.ഹരിദാസൻ<br><br>അസി.സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 7-2-2017 മുതൽ 22-2-2017 വരെ |
| | ശ്രീ.ജെ.ഷാജി | 23-2-2017 മുതൽ 31-3-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ജയലക്ഷ്മി.സി.ആർ | 1-4-2016 മുതൽ 25-6-2016 വരെ |

| | | |
|---|---|---|
| | ശ്രീ.സാജിദ്അലി | 26-6-2016 മുതൽ 5-8-2016 |
| | ശ്രീ.ശശീന്ദ്രൻ.കെ.എൻ | 6-8-2016 മുതൽ 31-3-2017 വരെ |
| വെറ്ററിനറി സർജ്ജൻ | ശ്രീമതി. ദീപ.വി.എസ് | 1-4-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ | ശ്രീ.ആദർശ് അബ്രഹാം | 1-4-2016 മുതൽ 31-3-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കാർത്യായനി | 1-4-2016 മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ഗ്രേഷ്യസ് രാജ് | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.സുനിൽകുമാർ | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.കൃഷ്ണകുമാർ.എ | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.നിഷ.എം | 1-4-2016 മുതൽ 19-4-2016 വരെ |
| | ഡോ.സുനിതാകുമാരി | 20-4-2016 മുതൽ 9-9-2016 FN വരെ |
| | ഡോ.ജസീല.പി.എ | 9-9-2016 AN മുതൽ 31-3-2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ദിവ്യ.പി | 1-4-2016 മുതൽ 31-3-2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.വിജയകുമാർ | 1-4-2016 മുതൽ 31-3-2017 വരെ |

| | | |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ.ഇ.ഹരിദാസൻ | 1-4-2016 മുതൽ 31-3-2017 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം



| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമ പദ്ധതികൾ | 1(8) |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |

| | | |
|---|---|---|
| 11 | അനുബന്ധ പത്രിക | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വസ്തുനികുതി പിരിവ് - രേഖകൾ കൃത്യമാക്കേണ്ടതും കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കേണ്ടതുമാണ് | 2(1) |
| 2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 2(2) |
| 3 | ബിൽഡിംഗ് പെർമിറ്റ് ഫീ ചട്ടപ്രകാരം മാത്രം ഈടാക്കേണ്ടതാണ് | 2(3) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | എല്ലാ തെരുവുവിളക്കുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തി വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ് | 3(1) |
| 2 | സാധന സാമഗ്രികൾ വാങ്ങുമ്പോൾ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കേണ്ടതാണ് | 3(2) |

| | | |
|---|---|---|
| 3 | ബാലപഠനയാത്ര – പദ്ധതി നിർവ്വഹണ രേഖകൾ അപൂർണ്ണം | 3(3) |
| 4 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 3(4) |
| 5 | എസ്.ടി കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 3(5) |
| 6 | ടാർ കമ്പനികളുടെ കൈവശമുള്ള 97004/-രൂപ തിരികെ ഈടാക്കേണ്ടതാണ്. | 3(6) |
| 7 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറങ്ങളുടെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ടതാണ് | 3(7) |
| 8 | ഗുണഭോക്തൃ സമിതികകൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല | 3(8) |
| 9 | കുടിവെള്ള പദ്ധതികളുടെ മോട്ടോറുകൾ മാറ്റി സ്ഥാപിച്ചതിനു ശേഷം ലഭ്യമായ പഴയ മോട്ടോറുകൾ കയ്യൊഴിക്കേണ്ടതാണ് | 3(9) |
| 10 | ഓഡിറ്റ് ഇംപാക്റ്റ് - മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പിഴ ഈടാക്കി | 3(10) |
| 11 | കതിർ- സമൃദ്ധി നെൽകൃഷി ഉഴവുകൂലി വിതരണം- ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിച്ചില്ല | 3(11) |
| 12 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3(12) |
| 13 | വരുമാനപരിധിക്കുമുകളിലുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി | 3(13) |
| 14 | വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി വീട് റിപ്പയർ പ്രവർത്തി നടപ്പിലാക്കി | 3(14) |
| 15 | വ്യക്തിഗത ഗാർഹിക കക്കൂസ് നിർമാണ പദ്ധതി(ODF) നിർവഹണത്തിലെ അപാകതകൾ | 3(15) |
| 16 | പിഎംഎ.വൈ വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണം | 3(16) |

| | | |
|---|---|---|
| 17 | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സാനിറ്ററി നാപ്കിൻ എന്ന പദ്ധതിയുടെ വിഭാവനത്തിലും നിർവ്വഹണത്തിലും അപാകതക | 3(17) |
| 18 | എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം-സൈക്കിളുകൾ വിതരണം നടത്തിയിട്ടില്ല | 3(18) |
| 19 | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനമുറി- മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 3(19) |
| 20 | ഹോമിയോ മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 3(20) |

ഭാഗം-IV

## ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 21-3-2016 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 85358125 രൂപയും ചെലവ് 96391125 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2017 | 30-5-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2015-16 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19673454 |
| വരവ് | 78520374 |
| ആകെ | 98193828 |

| | |
|---|---|
| ചെലവ് | 63546589 |
| നീക്കിയിരിപ്പ് | 34647239 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13678746 | 13678746 | 13678746 | 0 |
| വികസനഫണ്ട് എസ്.സി.പി | 0 | 5368554 | 5368554 | 5368554 | 0 |
| വികസനഫണ്ട് ടി.എസ്. പി | 0 | 435923 | 435923 | 435923 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 2127117 | 2127117 | 2127117 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 3344320 | 3344320 | 3344320 | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8070378 | 8070378 | 8070378 | |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1690735 | 1690735 | 1690735 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 15838 | 24672114 | 24687952 | 24686046 | 1906 |
| ബി ഫണ്ട് | 0 | 44674180 | 44674180 | 44674180 | 0 |

# 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ

## സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് % |
|---|---|---|---|---|---|---|
| 188 | 69624526 | 138 | 42797130 | - | 50 | 61.47 |

2016-17 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 84% പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 61.47% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 4021000 | 1564564 | 39 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 3352000 | 940400 | 28 |
| വി.ഇ.ഒ | 13 | 9 | 11872646 | 8789000 | 74 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 6 | 7289066 | 5709355 | 78 |
| സെക്രട്ടറി | 23 | 16 | 10357316 | 8233249 | 79 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 100 | 89 | 20160780 | 11340743 | 56 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 5 | 834858 | 564226 | 68 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 707700 | 684380 | 97 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 160000 | 159553 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 300000 | 300000 | 100 |
| എച്ച്.എം | 9 | 9 | 1711844 | 1456660 | 85 |
| അസി. സെക്രട്ടറി | 12 | 8 | 8857316 | 3055000 | 34 |
| ആകെ | 188 | 158 | 69624526 | 42797130 | |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 2577581 | 3436447 | 858866 | +(33%) |
| നികുതിയേതര വരവുകൾ | 357841 | 756960 | 399119 | +(111%) |
| ആകെ | 2935422 | 4193407 | 1257985 | +(43%) |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | തീരുമാനമെടുത്തവയിൽ നിരസിച്ചവ | കാലതാമസത്തിന്റെ കാരണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | കർഷക തൊഴിലാളി | 3 | 2 | 0 | ഒരെണ്ണം അന്വേഷണത്തിന് |

| | | | | | |
|---|---|---|---|---|---|
| | പെൻഷൻ | | | | നൽകിയിട്ടില്ല. |
| 2 | തൊഴിൽ രഹിത വേതനം | 0 | 0 | 0 | - |
| 3 | വിധവാ പെൻഷൻ | 107 | 80 | 6 | I.C.D.S സൂപ്പർവൈസർക്ക് അന്വേഷണത്തിനു നൽകിയ 27 അപേക്ഷ കൾ തിരികെ ലഭിച്ചിട്ടില്ല. |
| 4 | വികലാംഗ പെൻഷൻ | 23 | 20 | 2 | പി.എച്ച്.സിയിലേക്ക് അന്വേഷണത്തിനു നൽകിയ 3 അപേക്ഷകൾ തിരികെ ലഭിച്ചിട്ടില്ല. |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 12 | 10 | 1 | രണ്ടെണ്ണം അന്വേഷണത്തിന് നൽകിയിട്ടില്ല. |
| 6 | വാർദ്ധക്യ കാല പെൻഷൻ | 551 | 458 | 59 | വി.ഇ.ഒ യ്ക്ക് അന്വേഷണ ത്തിനു നൽകിയ 93 അപേക്ഷകൾ തിരികെ ലഭിച്ചിട്ടില്ല. |

അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1-6-2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7817 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ | ഓഡിറ്റ് | അവസാനം | ഓഡിറ്റ് | റിപ്പോർട്ട് | ഗുരുതര |
|---|---|---|---|---|---|

| നം. | | ഓഡിറ്റ് നടത്തിയ തീയ്യതി | കാലയളവ് | ലഭിച്ച തീയ്യതി | മായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 22-5-2017 മുതൽ 23-5-2017 വരെ | 4/2017 | റിപ്പോർട്ട് ലഭ്യമായിട്ടില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-3-2010 മുതൽ 27-3-2010 വരെ | 2006-07 | 28-4-2010 | - |

## 1-11 അനുബന്ധ പത്രിക

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പിരിവ് - രേഖകൾ കൃത്യമാക്കേണ്ടതും കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കേണ്ടതുമാണ്

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വസ്തു നികുതി-തൻവർഷം

| സഞ്ചയ പ്രകാരം | | | വാർഷിക കണക്ക് പ്രകാരം | | |
|---|---|---|---|---|---|
| ഡിമാന്റ് | കളക്ഷൻ (മുൻകൂർ ക്രമീകരിച്ചത് ഉൾപ്പെടെ) | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| 2534546 | 1733247 | 801299 | 2605344 | 1562832 | 1042512 |

സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതിവിവരങ്ങളുടെ കൃത്യത പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

വസ്തുനികുതി കുടിശിക

വാർഷിക കണക്കനുസരിച്ച് തൻവർഷത്തെ വസ്തുനികുതി കുടിശ്ശിക 10.42 ലക്ഷം രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക 13.48 രൂപയുമാണ്. ആകെ 23.90 ലക്ഷം. കുടിശ്ശിക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | വാർഡ് / കെട്ടിട നം. | ടവർ നടത്തുന്ന ഏജൻസിയുടെ പേര്, വിലാസം | അവസാനമായി വസ്തുനികുതി ഈടാക്കിയതിന്റെ വിവരം (തുക, വർഷം) | 2016-17 ലെ വസ്തുനികുതി ഡിമാന്റ് | കുറിപ്പ് |
|---|---|---|---|---|---|
| 1 | 1/8 | എം.എസ് ടാറ്റാ ടെലികോം സർവീസസ്, കൊച്ചിൻ | - | 3465 | കുടിശ്ശികയുടെ വിവരം ലഭ്യമാക്കിയില്ല |
| 2 | 1/9 | എം.എസ് റിലയൻസ് ഇൻഫോ കമ്മ്യൂണിക്കേഷൻ പ്രൈ.ലിമിറ്റഡ്, | 16884 2017-18 | 3150 | കുടിശ്ശിക ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | കടവന്ത്ര | | | |
| 3 | 2/489 | സുമതി അരമ്പ്ര പാലാംപട്ട | 6930<br>2016-17 | 6930 | കുടിശ്ശിക ഇല്ല |
| 4 | 10/408 | എ.ടി.സി ടെലികോം ടവർ കോർപ്പറേഷൻ പ്രൈ.ലിമിറ്റഡ്, കൊച്ചിൻ | - | 9450 | കുടിശ്ശികയുടെ വിവരം ലഭ്യമാക്കിയില്ല |
| 5 | 16/123 | സജി ജോസഫ്, പൊറ്റശ്ശേരി | 7885<br>2014-15 | 6720 | 2015-16 മുതൽ തുക ഒടുക്കുവാനുണ്ട്. |
| 6 | 17/532 | വി.പി. കുഞ്ഞുക്കുട്ടപണിക്കർ, വിയ്യക്കുറിശ്ശി | 567<br>2013-14 | 6300 | 2014-15 മുതൽ തുക ഒടുക്കുവാനുണ്ട്. |

മേൽപട്ടികയിലെ ക്രമ നം. 1, 4, 5, 6 എന്നിവയിലെ മൊബൈൽ ടവറുകളുടെ കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 15/6-6-2017)

## 2-3 ബിൽഡിംഗ് പെർമിറ്റ് ഫീ ചട്ടപ്രകാരം മാത്രം ഈടാക്കേണ്ടതാണ്

1. അപേക്ഷാ ഫീ, ബിൽഡിംഗ് പെർമിറ്റ് ഫീ എന്നിവ അധികമായി ഈടാക്കി

2016-17 വർഷത്തെ ബിൽഡിംഗ് പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ ബിൽഡിംഗ് പെർമിറ്റ് ഫീസ്, അപേക്ഷാ ഫീസ് എന്നിവ ഈടാക്കിയിട്ടുള്ളത് 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഷെഡ്യൂൾ I, ഷെഡ്യൂൾ II എന്നിവ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ നിന്നും അധികരിച്ചാണെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ തരം | അപേക്ഷാ ഫീസ് | | | പെർമിറ്റ് ഫീ (കാറ്റഗറി II വില്ലേജ് പഞ്ചായത്ത്) | | |
|---|---|---|---|---|---|---|
| | ഈടാക്കേണ്ടത് | ഈടാക്കിയത് | അധികം | ഈടാക്കേ | ഈടാക്കിയത് | അധികം |

| | | | | ണ്ടത് (/m$^2$) | (/m$^2$) | (/m$^2$) |
|---|---|---|---|---|---|---|
| ഗാർഹികം | 20 | 25 | 5 | 3 | 4.50 | 1.50 |
| ഗാർഹികേതരം | 20 | 25 | 5 | 5 | 7.5 | 2.50 |

എല്ലാ കെട്ടിടങ്ങൾക്കും 50% മേൽ സൂചിപ്പിച്ച പ്രകാരം അധിക നിരക്ക് ഈടാക്കിയിട്ടുണ്ട്.

കൂടാതെ 100 മുതൽ150 m$^2$ വരെ വിസ്തീർണ്ണമുള്ള ഗാർഹികാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 50% ഫീസ് ഈടാക്കിയാൽ മതിയാകും. എന്നാൽ ഈ നിബന്ധനയും പാലിച്ചിട്ടില്ല.

2. <u>ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം</u>

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ എല്ലാ കോളങ്ങളും പൂരിപ്പിക്കുന്നില്ല. വസ്തുനികുതി അസസ്സ്മെന്റ് നമ്പർ, തറ വിസ്തീർണ്ണാനുപാതം (ഫ്ലോർ ഏരിയാ റേഷ്യോ-FAR) എന്നീ കോളങ്ങളിൽ രേഖപ്പെടുത്തൽ നടത്താത്തതിനാൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ നിന്നുതന്നെ വസ്തുനികുതി നിർണ്ണയത്തിലെ കൃത്യത പരിശോധിക്കുവാൻ സാധിക്കാതെ വരുന്നു. ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 13/6-6-2017 നുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്.
അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3
# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>എല്ലാ തെരുവുവിളക്കുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തി വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്</u>

കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകൾക്ക് ഭാഗികമായി മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും താഴെ പറയുന്ന തെരുവുവിളക്കുകൾക്കു കൂടി മീറ്ററിംഗ് ഏർപ്പെടുത്തുവാനുണ്ട്.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | സി.എഫ്.എൽ 11*2 W | 967 |
| 2 | ട്യൂബ് 40*2 W | 6 |
| 3 | സിംഗിൾ ട്യൂബ് 40*1 W | 61 |
| 4 | സാധാരണ ലാമ്പ് 60 W | 2 |
| 5 | സോഡിയം വേപ്പർ ലാമ്പ് 250 W | 3 |
| ആകെ | | 1039 |

മേൽ പട്ടികയിലെ തെരുവുവിളക്കുകൾക്ക് നിലവിൽ 38375/- രൂപ വൈദ്യുതി ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്നുണ്ട്. കെ.എസ്.ഇ.ബി നിശ്ചയിച്ച താരിഫിന്റെ അടിസ്ഥാനത്തിലാണ് തുക ഒടുക്കുന്നത്. ആയതിനാൽ പ്രകാശിക്കുന്ന തെരുവു വിളക്കുകൾക്കു മാത്രമാണ് ചാർജ്ജ് നൽകേണ്ടിവരുന്നത് എന്ന് ഉറപ്പുവരുത്താനാവില്ല.

മീറ്ററിനു കീഴിലുള്ള ലാമ്പുകൾക്ക് ശരാശരി 12000 രൂപ മാത്രമാണ് പ്രതിമാസ വൈദ്യുതി ചാർജ്ജ്.
ഓഡിറ്റ് ശുപാർശ

1. ഗ്രാമപഞ്ചായത്തിലെ എല്ലാ ലാമ്പുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.
2. പുതിയ ലാമ്പുകൾ സ്ഥാപിക്കുമ്പോൾ ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.16/6-6-2017 നുള്ള മറുപടിയിൽ എല്ലാ തെരുവുവിളക്കുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-2 സാധന സാമഗ്രികൾ വാങ്ങുമ്പോൾ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിബന്ധനകൾ

## പാലിക്കേണ്ടതാണ്

പഞ്ചായത്ത് ഓഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ എന്ന പ്രൊജക്റ്റിന്റെ (നം.114/17) അടങ്കൽ തുകയായി നിശ്ചയിച്ചിരുന്നത് 100000 രൂപയായിരുന്നു. സെക്രട്ടറി നിർവ്വഹണം നടത്തിയ ടി പ്രൊജക്റ്റിന്റെ ചെലവ് 72780 രൂപയാണ്.

ബിൽ നം. 29/27-2-2017

ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. പത്രപരസ്യത്തിലൂടെ ടെണ്ടർ ക്ഷണിച്ചതനുസരിച്ച് ലഭ്യമായ മൂന്ന് ടെണ്ടറുകളിൽ കുറവ് തുക ക്വോട്ട് ചെയ്ത സൺ ഓഫീസ് ഓട്ടോമേഷൻ, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

സ.ഉ(പി)നം. 259/2010/എൽ.എസ്.ജി.ഡി തിയതി 8-11-2010 അനുസരിച്ച് ഒരു ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകൾക്ക് മാത്രമാണ് ഓപ്പൺ ടെണ്ടർ ബാധകമായിട്ടുള്ളത്. മേൽ സൂചിപ്പിച്ച വാങ്ങലിന് ബാധകമായിട്ടുള്ളത് ലിമിറ്റഡ് ടെണ്ടറാണ്. കുറഞ്ഞത് 5 ടെണ്ടറുകൾ ലഭ്യമാക്കി ആയതിൽ നിന്നും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ തെരഞ്ഞെടുക്കേണ്ടതാണ്. എന്നാൽ ഓപ്പൺ ടെണ്ടർ വിളിച്ചതുമൂലം 3 ടെണ്ടറുകൾ മാത്രം ലഭ്യമാവുകയും കൂടുതൽ മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭിച്ചാൽ ഉണ്ടാകുമായിരുന്ന സാമ്പത്തിക നേട്ട സാധ്യത ഇല്ലാതാവുകയും ചെയ്തു.
ഓഡിറ്റ് അന്വേഷണം നം. 16/6-6-2017 നുള്ള മറുപടിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പരമാവധി മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭ്യമാക്കി മിതവ്യയത്വം ഉറപ്പുവരുത്തേണ്ടതാണ്.

# 3-3 ബാലപഠനയാത്ര - പദ്ധതി നിർവ്വഹണ രേഖകൾ അപൂർണ്ണം

പ്രൊജക്റ്റ് നം. 159/17-ബാലപഠനയാത്ര

അടങ്കൽ - 57149 (ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് - 35000 രൂപ

ബിൽ നം. 10/29-3-2017

മേൽ പ്രൊജക്റ്റ് പ്രകാരം കുട്ടികളുടെ പഠനയാത്രയ്ക്കായി 35000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്റ്റുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ മാത്രമാണ് ഓഡിറ്റിന് ലഭ്യമായിട്ടുള്ളത്.

| ക്രമ നം. | ഹാജരാക്കിയ രേഖ | തുക |
|---|---|---|
| 1 | ഹോട്ടൽ പി.ടി.എം, പൊറ്റശ്ശേരി എന്ന സ്ഥാപനത്തിന്റെ ബിൽ നം. 93/26-2-2017 – 92 പേർക്കുള്ള ഭക്ഷണം. | 11960 |
| 2 | പ്ലാനറ്റോറിയം, കോഴിക്കോടിന്റെ ടിക്കറ്റ് നിരക്ക് | 1840 |
| 3 | ആപ്പിൾ ടൂർസ് & ട്രാവൽസിന്റെ ബിൽ നം. 55 & 56 തിയതി 26-2-2017 | 23000 |
| ആകെ | | 36800 |

(തുക 35000 ലേക്ക് പരിമിതപ്പെടുത്തിയിട്ടുണ്ട്)

പദ്ധതി മാർഗ്ഗരേഖ പ്രകാരം ബാലസഭകളിലെ കുട്ടികൾക്കായി 35000 രൂപ വരെ ചെലവഴിക്കാവുന്നതാണെങ്കിലും ഗ്രാമപഞ്ചായത്തിലെ ബാലസഭകളിലെ അംഗങ്ങളായ കുട്ടികൾക്കുവേണ്ടിയാണ് പഠനയാത്ര നടത്തിയത് എന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രൊജക്റ്റിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്, പഠനയാത്രാ റിപ്പോർട്ട് എന്നിവയും സൂക്ഷിച്ചിട്ടില്ല.
ഓഡിറ്റ് അന്വേഷണം നം. 17/6-6-2017 പ്രകാരം ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതാണെന്ന് 7-6-2017ന് ചേർന്ന എക്സിറ്റ് കോൺഫറൻസിൽ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്.
കുടുംബശ്രീയുടെ ചാർജ്ജ് ഓഫീസർ എന്ന നിലക്ക് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പ്രൊജക്റ്റിന്റെ നിർവ്വഹണ രേഖകൾ

അപൂർണ്ണമായതിനാൽ 35000 രൂപ തടസ്സത്തിൽവെക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

# 3-4 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

2015-16 വർഷത്തിൽ കേരള വാട്ടർ അതോറിറ്റിയിലും വൈദ്യുതിബോർഡിലും വിവിധ പ്രവൃത്തികൾക്കായി ആകെ 5420000 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| നിർവ്വഹണ ഏജൻസി | ക്രമ നം. | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക |
|---|---|---|---|---|
| കേരള ജല അതോറിറ്റി (ഷൊർണ്ണൂർ) | 1 | 104/17-പൈപ്പ് ലൈൻ നീട്ടൽ | 11/29-11-2016 | 1200000 |
| | 2 | 214/17-പൈപ്പ് ലൈൻ നീട്ടൽ | 25/27-2-2017<br>26/27-2-2017 | 2649000<br>766000 |
| | 3 | 215/17-പൈപ്പ് ലൈൻ നീട്ടൽ | 27/27-2-2017 | 525000 |
| | 4 | 184/17-അങ്കണ വാടികൾക്ക് പൈപ്പ് ലൈൻ | 28/27-2-2017 | 130000 |
| വൈദ്യുതി ബോർഡ് (കാഞ്ഞിരപ്പുഴ) | 5 | 118/17-കണിവായ്, പാമ്പൻതോട് സ്ട്രീറ്റ്ലൈൻ വലിക്കൽ | 21/17-1-2017 | 150000 |
| ആകെ | | | | 5420000 |

മേൽ പട്ടികയിലെ ക്രമ നം. 1 പ്രകാരം നിക്ഷേപിച്ച തുകയിൽ പ്രവൃത്തിയുടെ പൂർത്തീകരണത്തിനുശേഷം 188984 രൂപ ജല അതോറിറ്റിയുടെ കൈവശം

അവശേഷിക്കുന്നുണ്ട്.

ക്രമ നം. 2, 3, 4 എന്നിവയിലെ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

ക്രമ നം. 5 പ്രകാരം വൈദ്യുതി ബോർഡിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
2. പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.
3. ജല അതോറിറ്റിയുടെ കൈവശം അവശേഷിക്കുന്ന 188984 രൂപ തിരികെ ഈടാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 7/6-6-2017)

# 3-5 എസ്.ടി കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിൽ എസ്.ടി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് താഴെ പറയുന്ന പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി സർക്കാരിൽ നിന്നും 14780000 രൂപയുടെ ഭരണാനുമതി ലഭ്യമാവുകയും പ്രവൃത്തികളുടെ നിർവ്വഹണത്തിനായി പാലക്കാട് ജില്ലാ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറെ ചുമതലപ്പെടുത്തുകയും തുക കൈമാറുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലാ ട്രൈബൽ ഡവലപ്മെന്റ് ഓഫീസറുടെ 21-2-2017 ലെ ഉത്തരവ് നം. ബി-3251/16(2), ബി-3251/16(3) പ്രകാരം നിർമ്മാണ പദ്ധതികളുടെ ചുമതല കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കുകയും 14780000 രൂപ ഗ്രാമപഞ്ചായത്തിന് കൈമാറുകയും ചെയ്തു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഭരണാനുമതി നം. – സ.ഉ(ആർ.ടി) നം. 1817/ 2016/പജ.പവ തിയതി 14-11-2016

| പ്രവൃത്തി യുടെ പേര് | ലഭ്യമായ തുക | പട്ടികവർഗ്ഗ ഡയറക്ടറുടെ ഉത്തരവ് നം. | തുക ഗ്രാമപഞ്ചായത്തിൽ വരവ് വെച്ചതിന്റെ വിവരം |
|---|---|---|---|
| വെറ്റിലച്ചോല കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 5280000 | പി.എ-1/12252/ 16(5)/ 9-1-2017 | യൂണിയൻ ബാങ്കിന്റെ പൊറ്റശ്ശേരിയി ശാഖയിലുള്ള അക്കൗണ്ടിലേക്ക് 22-2-2017 ന് തുക വരവുവെച്ചിട്ടുണ്ട്. അക്കൗണ്ട് നം. 0013353 |
| വെറ്റിലച്ചോല കോളനിയി ലേക്കുള്ള റോഡ് | 9500000 | പി.എ-1/12252/ 16(4)/ 9-1-2017 | |
| ആകെ | 14780000 | | |

25-1-2017 ലെ ഭരണസമിതിയുടെ തീരുമാനം നം. 5 പ്രകാരം കമ്മ്യൂണിറ്റി ഹാളിന്റേയും റോഡിന്റേയും എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തുവാൻ ഡി.എഫ്.ഒ യോട് അപേക്ഷിക്കുകയും അസി. എഞ്ചിനിയർ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ നിർവ്വഹണത്തിനായി വനം വകുപ്പിന്റെ അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിക്കുകയും 30-3-2017 ലെ ഉത്തരവ് നം. ഡി-1269/17 പ്രകാരം മണ്ണാർക്കാട് ഡി.എഫ്.ഒ നിർമ്മാണ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഡീറ്റെയ്ൽഡ് എസ്റ്റിമേറ്റും, ടി.എസും ലഭ്യമാകാത്തതിനാൽ ടെണ്ടർ നടപടികൾ നാളിതുവരെ സ്വികരിച്ചിട്ടില്ല.

പ്രവൃത്തികളുടെ ഡീറ്റയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി മണ്ണാർക്കാട് അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ മുഖേന പാലക്കാട് എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് ഫയൽ അയക്കുകയും വെറ്റിലച്ചോല കോളനി റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയത് കോഴിക്കോട് സൂപ്രണ്ടിംഗ് എഞ്ചിനിയർക്ക് അയക്കുകയും ചെയ്തിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണം നം. 7/6-6-2017 നുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

ടി.എസ് ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പ്രത്യേക ആവശ്യങ്ങൾക്കായി ലഭ്യമാകുന്ന ഫണ്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

നിർമ്മാണപ്രവർത്തനങ്ങൾ നടത്തുമ്പോൾ വനം വകുപ്പിന്റെ നിബന്ധനകൾ പാലിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.
പ്രവൃത്തികളുടെ തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-6 ടാർ കമ്പനികളുടെ കൈവശമുള്ള 97004/-തിരികെ ഈടാക്കേണ്ടതാണ്

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത് 20 ടാറിംഗ് പ്രവൃത്തികളാണ് ആവിഷ്കരിച്ചിരുന്നത്. കരാറുകാർക്ക് ഗ്രാമപഞ്ചായത്ത് നേരിട്ട് ടാർ വാങ്ങി നൽകേണ്ടതാണെന്നുള്ള 75/ഡി.എ-1/2017 തിയതി 10-2-2017, 114/ഡി.എ-1/2017 തിയതി 27-2-2017 നം. സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെങ്കിലും ടാറിംഗ് പ്രവൃത്തികൾ തൻവർഷം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. 20 പ്രവൃത്തികളും സ്പിൽ ഓവറാക്കുകയും 2017-18 വർഷത്തിൽ നിർവ്വഹണം നടത്തുന്നതിനായി അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. ഓരോ പ്രവൃത്തിയുടേയും ടാറിന്റെ ആവശ്യം കണക്കാക്കുകയും എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന തുക ട്രഷറിയിൽ നിന്ന് അസി. എഞ്ചിനിയർ പിൻവലിച്ച് സ്പെഷ്യൽ ടി.എസ്.പി അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെക്ക് പ്രകാരം തുക പിൻവലിച്ച് സെക്രട്ടറിയുടെ സ്പെഷ്യൽ ടി.എസ്.പി അക്കൗണ്ടിലേക്ക് മാറ്റുകയും സെക്രട്ടറി, തുക പിൻവലിച്ച് ടാർ കമ്പനികൾക്ക് കൈമാറുകയും ചെയ്യേണ്ടതാണെന്നുള്ള സർക്കാർ നിർദ്ദേശം പാലിച്ചിട്ടുണ്ട്.

ബി. ട്രഷറി ബിൽ നം. 26/20-3-2017 പ്രകാരം 20 പ്രവൃത്തികൾക്കാവശ്യമായ 256 ബാരലിന്റെ വിലയായ 1775519 രൂപയാണ് അസി. എഞ്ചിനിയർ പിൻവലിച്ച് സെക്രട്ടറിയുടെ സ്പെഷ്യൽ ടി.എസ്.പി അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളത്. ആയതിൽ 1741326 രൂപ രണ്ട് ടാർ കമ്പനികൾക്ക് RTGS പ്രകാരം സെക്രട്ടറി കൈമാറിയിട്ടുണ്ട്. അസി.എഞ്ചിനിയറിൽ നിന്നും ലഭ്യമായ തുകയിൽ 34193 രൂപ സെക്രട്ടറിയുടെ സ്പെഷ്യൽ ടി.എസ്.പി അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

സി. ടാർ കമ്പനികൾക്ക് തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കമ്പനിയുടെ പേര് | നൽകിയ തുക | ബാരലിന്റെ എണ്ണം | യഥാർത്ഥ വില | അധികം നൽകിയ തുക |
|---|---|---|---|---|
| എച്ച്.പി.സി.എൽ കൊച്ചിൻ | 1153262 | 206 | 1074266 | 78996 |
| ഹിന്ദുസ്ഥാൻ കോൾസ്, കൊച്ചിൻ | 588064 | 55 | 570056 | 18008 |
| ആകെ | 1741326 | 261 | 1644322 | 97004 |

ഡി. 4/2017 ൽ 261 ബാരൽ ടാറുകൾ ലഭ്യമാവുകയും അസി.എഞ്ചിനിയർ ആയവ കരാറുകാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.
15 പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളതായും 4 പ്രവൃത്തികൾ മഴമൂലം നിർത്തിവെച്ചിട്ടുള്ളതായും ഒരു പ്രവൃത്തി പകുതി പൂർത്തീകരിച്ചതിനുശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായി നിർത്തിവെച്ചിട്ടുള്ളതായും അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.

*ഓഡിറ്റ് നിർദ്ദേശങ്ങൾ*

എ. സെക്രട്ടറിയുടെ സ്പെഷ്യൽ ടി.എസ്.പി അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 34193/- രൂപ അസി. എഞ്ചിനിയർക്ക് തിരികെ നൽകേണ്ടതാണ്.

ബി. ടാർ കമ്പനികളുടെ കൈവശം അവശേഷിക്കുന്ന 97004 രൂപ തിരികെ ഈടാക്കേണ്ടതാണ്.

സി. യഥാർത്ഥ ആവശ്യം കഴിഞ്ഞ് ബാക്കി വരുന്ന ടാറിന്റെ വില കരാറുകാരിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്.

ഡി. കാലിയാകുന്ന ടാർ ബാരലുകളുടെ വിലയും നികുതിയും ബില്ലുകളിൽ നിന്നും കുറവു ചെയ്ത് പഞ്ചായത്ത് ഫണ്ടിലും മറ്റ് സ്ഥാപനങ്ങളിലും ഒടുക്കേണ്ടതാണ്.

ഇ. പൂർത്തീകരിക്കുവാൻ ബാക്കിയുള്ള 5 പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കേണ്ടതാണ്.

എഫ്. 20 പ്രവൃത്തികളുടേയും ഫയലുകൾ അടുത്ത ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 8/6-6-2017)

## 3-7 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറങ്ങളുടെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ടതാണ്

2016-17 വർഷത്തിൽ 5 ലക്ഷത്തിനുമുകളിൽ അടങ്കലുള്ള 3 പ്രവൃത്തകൾക്ക് ഇ-ടെണ്ടർ മുഖേന ടെണ്ടർ വിളിച്ചിട്ടുണ്ട്. ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പന നികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറങ്ങളുടെ എണ്ണം | ടെണ്ടർ ഫോറത്തിന്റെ വില | വാറ്റ് | ടെണ്ടർ തിയതി |
|---|---|---|---|---|---|---|
| 1 | 25/17-കാഞ്ഞിരം കല്ലമല റോഡ് റീടാറിംഗ് | 700000 | 2 | 2800 | 140 | 27-1-2017 |
| 2 | 35/17-ലക്ഷംവീട് കോളനി റോഡ് ടാറിംഗ് | 600000 | 1 | 1000 | 50 | 27-12-2016 |
| 3 | 196/17-ഇയ്യമ്പലം സ്റ്റേഡിയം ഗ്രൗണ്ട് നവീകരണം | 510112 | 6 | 6600 | 330 | 27-12-2016 |

| | | | |
|---|---|---|---|
| ആകെ | 10400 | 520 | |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട 10400 രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്നതിനും വാറ്റ് തുക ഒടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മുൻവർഷങ്ങളിലെ ടെണ്ടർ ഫോറങ്ങളുടെ തുകകൾ ഉണ്ടെങ്കിൽ ആയതും തിരികെ ലഭ്യമാക്കേണ്ടതാണ്.

ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 12/6-6-2017 നുള്ള മറുപടിയിൽ അസി.എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-8 ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല

ഓഡിറ്റ് വർഷത്തിൽ 17 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ഗുണഭോക്തൃ സമിതികളെയാണ് ഏൽപ്പിച്ചിട്ടുള്ളത്. 1997ലെ പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)) ചട്ടങ്ങളിലെ ചട്ടം 13, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ സർക്കുലർ നമ്പർ ഡി.ബി.1/1559 /2010/സി.ഇ/ത.സ്വ.ഭ.വ തിയതി 13-11-2014 എന്നിവയിൽ ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തികളുടെ നടപടിക്രമങ്ങൾ വിവരിച്ചിട്ടുണ്ട്. രേഖകളുടെ പരിശോധനയിൽ കണ്ടെത്തി അപാകതകളുടെ വിവരം താഴെ ചേർക്കുന്നു.

എ. പൊതുമരാമത്ത് പണിക്കുപയോഗിച്ച സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് പഞ്ചായത്തിൽ ഏൽപ്പിക്കേണ്ടതുമാണ്. പ്രവൃത്തികളുടെ ഫയലുകൾ കൺവീനർമാർ അസി.എഞ്ചിനിയർക്ക് കൈമാറിയിട്ടുണ്ടെങ്കിലും ആവശ്യമായ എല്ലാ രേഖകളും ഉണ്ടെന്ന് പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല.

ബി. ഗുണഭോക്തൃ സമിതിക്ക് 15 ൽ കവിയാതെയും 7 ൽ കുറയാതെയും അംഗങ്ങൾ ഉള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഇതിൽ

മൂന്നിലൊന്ന് വനിതകളായിരിക്കേണ്ടതാണ്. പല പ്രവൃത്തികളുടേയും ഫയലുകളിൽ ഗുണഭോക്തൃസമിതിയുടെ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ലെന്ന് കണ്ടെത്തി.

സി. കൺവീനറുടേയും ചെയർമാന്റേയും പേരിൽ ഒരു അംഗീകൃത ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ കൂടി മാത്രമേ പണമിടപാടുകൾ നടത്തുവാൻ പാടുള്ളൂ. മുൻകൂർ, ബിൽ തുക എന്നിവ ഈ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. അക്കൗണ്ടുകളുടെ പാസ്ബുക്കോ, സാക്ഷ്യപ്പെടുത്തിയ പകർപ്പോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തികളുടെ തുകകൾ അക്കൗണ്ട് മുഖേനയല്ലാതെയും അനുവദിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്.

ഡി. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ സർക്കുലർ നമ്പർ ഡി.ബി.1/1559/2010/സി.ഇ/ത.സ്വ.ഭ.വ തിയതി 13-11-2014 പ്രകാരം വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്രസാമഗ്രികളുടെ വാടക, തുടങ്ങിയവയുടെ കണക്കുകൾ, മസ്റ്റർ റോൾ, മിനിറ്റ്സ് ബുക്ക് എന്നിവ കൺവീനർ തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പ്രവൃത്തികളുടെ ഫയലുകളിൽ സൂക്ഷിച്ചിട്ടുള്ള മസ്റ്റർ റോളുകളും ബില്ലുകളും പരിശോധിച്ചിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഗുണഭോക്തൃ സമിതികൾ മുഖേന പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കാത്തതുമൂലം ഗുണഭോക്തൃസമിതി കൺവീനർ എന്ന വ്യാജേന ബിനാമികൾ പ്രവൃത്തികൾ ചെയ്യുന്നത് ഒഴിവാക്കുവാനായി പുറപ്പെടുവിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 13-11-2014 ലെ സർക്കുലറിലെ (നമ്പർ ഡി.ബി.1/1559 /2010/സി.ഇ/ത.സ്വ.ഭ.വ) നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 8/6-6-2017)

# 3-9 കുടിവെള്ള പദ്ധതികളുടെ മോട്ടോറുകൾ മാറ്റി സ്ഥാപിച്ചതിനുശേഷം ലഭ്യമായ പഴയ മോട്ടോറുകൾ കയ്യൊഴിക്കേണ്ടതാണ്

താഴെ പറയുന്ന രണ്ട് പ്രൊജക്റ്റുകൾ പ്രകാരം കുടിവെള്ള പദ്ധതികളുടെ

നിലവിലുള്ള മോട്ടോറുകൾക്ക് പകരം പുതിയ മോട്ടോറുകൾ സ്ഥാപിച്ചിട്ടുണ്ട്.

| ക്രമ നം. | കുടിവെള്ള പദ്ധതിയുടെ വിവരം | അടങ്കൽ | ചെലവ് | ബിൽ നം./ തിയതി | കുറിപ്പ് |
|---|---|---|---|---|---|
| 1 | 198/17-കാരകുന്ന് കരാറുകാരൻ - ശ്രീ.എം.വിശ്വനാഥൻ എം.ബുക്ക് നം. -78/16-17 | 88000 | 87560 | 14/9-3-2017 | 5 HP യുടെ പുതിയ മോട്ടോർ സ്ഥാപിച്ചു. |
| 2 | 66/17-കല്ലംകുളം കരാറുകാരൻ- ശ്രീ.മുഹമ്മദ് മുസ്തഫ.വി എം.ബുക്ക് നം. -90/16-17 | 88000 | 88000 | 31/ 23-3-2017 | 5 HP യുടെ പുതിയ മോട്ടോർ സ്ഥാപിച്ചു. |

പഴയ മോട്ടോറുകൾ ഗ്രാമപഞ്ചായത്തിൽ തിരികെ ഏൽപ്പിച്ച് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മോട്ടോറുകൾ പഞ്ചായത്തിന് കൈമാറി കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 11/6-6-2017 നുള്ള മറുപടിയിൽ അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 ഓഡിറ്റ് ഇംപാക്ട് - മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും പിഴ ഈടാക്കി

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള

അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ നിശ്ചിത സമയപരിധിക്കകം കരാർ വെക്കുന്നതിൽ വീഴ്ച വരുത്തിയതായി ഓഡിറ്റിൽ കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 198/17-കാരകുന്ന് കുടിവെള്ള പദ്ധതി അടങ്കൽ - 88000<br>കരാർ തുക – 87560<br>കരാറുകാരൻ - ശ്രീ.എം.വിശ്വനാഥൻ<br>എം.ബുക്ക് നം. -78/16-17<br>ബിൽ നം. 14/9-3-2017 -87560 | 31-12-2016 | 14-1-2017 | 18-1-2017<br>നം. 33 | 1000 |
| 2 | 107/17-പഴയ പോസ്റ്റ് ഓഫീസ് കല്ലംകുഴി റോഡ് കോൺക്രീറ്റ്<br>അടങ്കൽ - 150000<br>കരാർ തുക – 148950<br>കരാറുകാരൻ - ശ്രീ.വി.എം.അബ്ദുൾ ജലീൽ<br>എം.ബുക്ക് നം. | 12-1-2017 | 26-1-2017 | 2-2-2017<br>നം. 81 | 1490 |

| | | | | | |
|---|---|---|---|---|---|
| | -91/16-17<br><br>ബിൽ നം. 19/9-3-2017 - 148950 | | | | |
| ആകെ | | | | | 2490 |

ഓഡിറ്റ് അന്വേഷണം നം. 10/6-6-2017 പ്രകാരം അപാകത ചൂണ്ടികാണിച്ചപ്പോൾ തുക ഓഡിറ്റ് വേളയിൽതന്നെ കരാറുകാരിൽ നിന്നും ഈടാക്കി രസീതി ഹാജരാക്കിയിട്ടുണ്ട്. (രസീതി നം. 117040100746, 117040100747 തിയതി 7-6-2017).

# 3-11 കതിർ- സമൃദ്ധി നെൽകൃഷി ഉഴവുകൂലി വിതരണം- ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിച്ചില്ല

നിർവഹണോദ്യോഗസ്ഥൻ-കൃഷി ഓഫീസർ

പ്രൊജക്റ്റ് നം. – 132/17 – "കതിർ- സമൃദ്ധി നെൽകൃഷി ഉഴവുകൂലി വിതരണം" കർഷകർക്ക് ഉഴവുകൂലി നൽകുന്നതിനായി ജില്ലാപഞ്ചായത്ത് വിഹിതമായി 2016-17 വർഷത്തിൽ ലഭ്യമായ 60000 രൂപയിൽ 11814 രൂപ മാത്രമേ നാളിതുവരെ ചെലവഴിച്ചിട്ടുള്ളൂ. ബാക്കി തുകയായ 48186 രൂപ നിർവഹണോദ്യഗസ്ഥന്റെ പേരിലുള്ള ട്രഷറിയിലുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ (നം. 721031400000040) സൂക്ഷിച്ചിട്ടുണ്ട്. തുക അടിയന്തിരമായി ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 4/5-6-2017)

# 3-12 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

2016-17 വർഷത്തിൽ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

(പ്രൊജക്ട് നം.146/17) പ്രകാരം വികസന ഫണ്ടിൽ നിന്നും ബിൽ നം. 3/27-3-2017 പ്രകാരം 225000/- രൂപ പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കാഫ് ഫീഡിന് നൽകിയിട്ടുണ്ട്. 36 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് ആവശ്യമായ തുകയാണ് നൽകിയിട്ടുള്ളത്. കന്നുകുട്ടികളെ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും കാലിത്തീറ്റ വിതരണം ആരംഭിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിച്ചതിനുശേഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം ന.20/7-6-2017)

# 3-13 വരുമാനപരിധിക്കുമുകളിലുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

നിർവഹണോദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

പ്രൊജക്ട് നം. 150/17 (കതിർ-പശുക്കുട്ടി വിതരണം)

അടങ്കൽ -1950000 (വികസനഫണ്ട്)

ബിൽ നം.1/27.3.17-60000

ബിൽ നം.2/27.3.17-135000

18 മാസം പ്രായമുള്ള പശുക്കുട്ടികളെ വാങ്ങുന്നവർക്ക് 50% സബ്സിഡി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പദ്ധതി പ്രകാരം 39 ഗുണഭോക്താക്കൾക്ക് പശുക്കുട്ടികളെ വാങ്ങുന്നതിന് 5000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ മാർഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള വരുമാനപരിധിക്ക് മുകളിലാണെന്ന് രേഖകൾ പരിശോധിച്ചതിൽനിന്ന് കണ്ടെത്തി. പദ്ധതി മാർഗരേഖ സ. ഉ(എം. എസ്)നം. 4/2016/തസ്വഭവ തീയതി 11-1-2016 പ്രകാരം 50000 രൂപയിൽ താഴെ വരുമാനപരിധിക്കു വിധേയമായാണ് ആനുകൂല്യം നൽകാവുന്നത്. പിന്നീട് വരുമാനപരിധി 100000 രൂപയായി ഉയർത്തിയെങ്കിലും ജി.ഒ(ആർ.ടി)നം. 3219/2016/തസ്വഭവ തീയതി 25.11.16 പ്രകാരം ഉൽപാദന മേഖലയിലുള്ള പദ്ധതികൾക്കുള്ള ധനസഹായം നല്കുന്നതിന് വർദ്ധിപ്പിച്ച നിരക്ക് ബാധകമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വരുമാന പരിധിക്കു മുകളിലുള്ള അനർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയതിന്റെ വിവരം ചുവടെ

ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | വാർഷിക വരുമാനം | വരുമാന സർട്ടിഫിക്കറ്റ് നം. | നൽകിയ തുക |
|---|---|---|---|
| ലീലാവതി.കെ.കെ<br>W/o. സുരേന്ദ്രൻ.യു.ടി<br>ഊട്ടുകുളത്തിൽ, തെക്കേക്കര | 60000 | 23178406/ 15.2.17 | 5000 |
| ഗോപാലകൃഷ്ണൻ.എം<br>മണ്ടലംകോട്, പൂഞ്ചോല | 60000 | 23700779/ 13.3.17 | 5000 |

വ്യക്തിഗത ഗുണഭോക്താക്കൾക്ക് ബാധകമായ വരുമാനപരിധി പാലിച്ചുകൊണ്ടാണ് ധനസഹായം അനുവദിക്കുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 20/7-6-2017)

## 3-14 വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി വീട് റിപ്പയർ പ്രവർത്തി നടപ്പിലാക്കി

2016-17 വർഷത്തിൽ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി വീട് റിപ്പയർ പ്രവർത്തികൾക്കായി പദ്ധതി തയ്യാറാക്കി തുക ചെലവഴിച്ചിരിക്കുന്നു. പദ്ധതി മാർഗരേഖ സ.ഉ(എം. എസ്)നം. 4/2016/തസ്വഭവ തീയതി 11-1-16 പ്രകാരം വനിതാ ഘടകപദ്ധതിയിൽ സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിനുള്ള പദ്ധതികൾക്ക് ഫണ്ട് വകയിരുത്തേണ്ടതാണെന്നും സ്ത്രീക്കും പുരുഷനും ഒരുപോലെ പ്രയോജനം ലഭിക്കുന്ന വീട് നിർമ്മാണം, കക്കൂസ് നിർമ്മാണം പോലെയുള്ളതും സമാന സ്വഭാവമുള്ളവയുമായ പദ്ധതികൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പദ്ധതി നം.179/17(വീട് റിപ്പയർ -വനിത)
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

| ബിൽ നം. | തുക |
|---|---|
| 5/16.3.17 | 390000 |
| 12/31.3.17 | 420000 |
| 17/31.3.17 | 360000 |
| ആകെ | 1170000 |

പദ്ധതി മാർഗരേഖയിൽ സൂചിപ്പിച്ചിട്ടുള്ള ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർന്നുള്ള പദ്ധതി പ്രവർത്തനങ്ങളിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 5/5-6-2017)

# 3-15 വ്യക്തിഗത ഗാർഹിക കക്കൂസ് നിർമാണ പദ്ധതി(ODF) നിർവഹണത്തിലെ അപാകതകൾ

വ്യക്തിഗത ഗാർഹിക കക്കൂസ് നിർമാണ പദ്ധതിക്കായി (ODF) ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച (നം. 24/17) പദ്ധതിയുടെ നിർവഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

പദ്ധതിക്കായി ഫിനാൻസ് കമ്മീഷൻ ഗ്രാന്റിനത്തിൽ 2100000 രൂപയും തനത് ഫണ്ടിൽനിന്നുള്ള 887600 രൂപയുമാണ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുള്ളത്. സ.ഉ(സാധാ)നം. 2701/16/തസ്വഭവ തിയതി 19-9-2016 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിഹിതം മാത്രമോ കേന്ദ്രഫണ്ട് മാത്രമായോ പദ്ധതിക്ക് തുക വകയിരുത്താൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിവിഹിതം മാത്രം ഉൾപ്പെടുത്തി പ്രൊജക്റ്റ് തയ്യാറാക്കേണ്ടതും പിന്നീട് കേന്ദ്രവിഹിതം ലഭ്യമാകുന്ന മുറയ്ക്ക് വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാവുന്നതുമാണ്. ആയത് പാലിക്കാതെ പ്രൊജക്ടിൽ പദ്ധതി വിഹിതത്തോടൊപ്പം തനത്ഫണ്ട് കൂടി ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല.

എ. ചെലവിന്റെ വിവരം

പദ്ധതിക്കായി വകയിരുത്തിയ തുകകളുടെ ചെലവിന്റെ വിവരം താഴെ

ചേർക്കുന്നു.

| ഫണ്ടിനം | പിൻവലിച്ച തുക | ബിൽ വിവരം | യഥാർത്ഥ ചെലവ് | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| തനത് ഫണ്ട് | 887600 | - | 2304600 | 158500 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1576400 | 1/4.10.16 | | |
| ആകെ | 2464000 | | | |

ബി. കേന്ദ്രവിഹിതം ലഭ്യമായതിന്റെ വിവരം

കേന്ദ്ര ഫണ്ടിനത്തിൽ ശുചിത്വ മിഷനിൽ നിന്ന് ലഭ്യമായ തുകയും, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പിന്നീട് ലഭ്യമായ തുക സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടുകളിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| കേന്ദ്ര ഫണ്ട് | 1746000 | ചെക്ക് നം.111532/ 17.3.17 - 931200<br>ചെക്ക് നം.874691/ 27.12.16 – 814800<br>----------------<br>ആകെ- 1746000 | 931200 രൂപ സെക്രട്ടറിയുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.<br>814800 രൂപ തനത് ഫണ്ട് പി.എസ്.സി.ബി അക്കൗണ്ട് - 83 ലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. |
| ബ്ലോക്ക് വിഹിതം | 329800 | ബ്ലോക്കിൽ നിന്നും<br>നേരിട്ട് നിക്ഷേപിച്ച തുക. | യൂണിയൻ ബാങ്കിന്റെ 13353 നം. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |

കേന്ദ്രവിഹിതം വിനിയോഗിക്കുവാൻ 2017-18 വർഷത്തിൽ തുടർപദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല.

സി. പ്രവൃത്തികളുടെ പൂർത്തീകരണ വിവരം

ഒരു ഗുണഭോക്താവിന് 15400 രൂപ വീതം നൽകുന്നതിനാണ് പദ്ധതിപ്രകാരം വിഭാവനം ചെയ്തിരിക്കുന്നത്. 2016-17 വർഷത്തിൽ എഗ്രിമെന്റ് വച്ച 160 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് ആവശ്യമായ തുക 2464000

രൂപ പിൻവലിച്ച് ബാങ്ക്അക്കൗണ്ടിൽ നിക്ഷേപിച്ചു. 160 ഗുണഭോക്താക്കളിൽ 130 പേർ മാത്രമാണ് പണി പൂർത്തീകരിച്ചിട്ടുള്ളത്. കക്കൂസ് പണി പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് നൽകുവാനുള്ള ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്.

കക്കൂസ് പണി പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്കായി പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള 158500 രൂപയിൽ 153100 രൂപ നൽകുവാൻ ബാക്കിയുണ്ട്.

കക്കൂസ് പണി പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | പേരും വിലാസവും | കൈപ്പറ്റിയ തുക | ബാക്കി |
|---|---|---|---|
| 1 | തത്ത, D/o ജാനു, മുണ്ടുള്ളി, കാഞ്ഞിരം | 7700 | 7700 |
| 2 | നീലി, അച്ചൻകുഞ്ഞ്, വെറ്റിലച്ചോല, ഇരുമ്പകച്ചോല | 7700 | 7700 |
| 3 | ബീന ബാബു, മുളമ്പാടി, വെറ്റിലച്ചോല | 12400 | 3000 |
| 4 | ബിന്ദുചന്ദ്രൻ, വെറ്റിലച്ചോല, ഇരുമ്പകച്ചോല | 12400 | 3000 |
| 5 | രാമൻകുട്ടി, നെല്ലിക്കുന്ന്, വെറ്റിലപ്പാടം | 12400 | 3000 |
| 6 | ബേബി അപ്പുക്കുട്ടൻ, നെല്ലിക്കുന്ന്, വെറ്റിലപ്പാടം | 12400 | 3000 |
| 7 | മോഹനൻ പഴനി, പ്ലാമൂട്ടിൽ, മാന്തോട്ടിൽ | 7700 | 7700 |
| 8 | ചന്ദ്രൻവലിയവെള്ള, വെള്ളത്തോട്, അംബേദ്കർ കോളനി | 7700 | 7700 |
| 9 | മണി മാധവൻ, ചോക്കൻമാർ ഹൗസ്, കല്ലമല | 12400 | 3000 |
| 10 | ചന്ദ്രൻകുറുമ്പൻ, പാമ്പൻതോട് കോളനി | 10400 | 5000 |

| | | | |
|---|---|---|---|
| 11 | തങ്ക കണ്ടൻ, പാമ്പൻതോട് കോളനി, പൂഞ്ചോല | 10400 | 5000 |
| 12 | നീലി തമ്പി, പാമ്പൻതോട് കോളനി, പൂഞ്ചോല | 10400 | 5000 |
| 13 | ചാത്തൻ നാഥൻ, പാമ്പൻതോട് കോളനി, പൂഞ്ചോല | 10400 | 5000 |
| 14 | ചാത്തു ചെല്ലൻ, പാമ്പൻതോട് കോളനി, പൂഞ്ചോല | 10400 | 5000 |
| 15 | കുട്ടൻകക്കി, പാമ്പൻതോട് കോളനി, പൂഞ്ചോല | 10400 | 5000 |
| 16 | ചന്ദ്രൻ മാതൻ, വെള്ളത്തോട്, അംബേദ്കർ കോളനി | 7700 | 7700 |
| 17 | ഭാസ്കരൻ കുറുമ്പൻ, വെള്ളത്തോട്, അംബേദ്കർ കോളനി | 7700 | 7700 |
| 18 | തങ്ക രാമൻ, വെള്ളത്തോട്, അംബേദ്കർ കോളനി | 7700 | 7700 |
| 19 | ചന്ദ്രൻശങ്കരൻ, വെള്ളത്തോട്, അംബേദ്കർ കോളനി | 7700 | 7700 |
| 20 | മാധവി മാധവൻ, വെറ്റിലച്ചോല വീട്, ഇരുമ്പകച്ചോല | 12400 | 3000 |
| 21 | തങ്ക കുറുമ്പൻ, മുളമ്പടി ഹൗസ്, ഇരുമ്പകച്ചോല | 12400 | 3000 |
| 22 | മേരി മാരി, കണിവായിൽ, കാഞ്ഞിരപ്പുഴ | 12400 | 3000 |
| 23 | നീലൻ വെള്ള, വെള്ളത്തോട്, അംബേദ്കർ കോളനി | 7700 | 7700 |
| 24 | ശാന്ത കുറുമ്പൻ, ഇരുമ്പകച്ചോല | 12400 | 3000 |
| 25 | സുരേഷ് ചെല്ലൻ, നരുക്കുചോല, ഇരുമ്പകച്ചോല | 12400 | 3000 |
| 26 | ചാമി വെളുത്തിര, കിണറത്ത് | 7700 | 7700 |
| 27 | വീരൻ കക്കി, പാമ്പൻതോട് കോളനി | 12400 | 3000 |
| 28 | സുധീർ പാലൻകുട്ടി, നെച്ചുള്ളി | 7700 | 7700 |

| | | | |
|---|---|---|---|
| 29 | കറപ്പൻചാത്തൻകുട്ടി, പുല്യട്ടകല്ലാം കുഴിയിൽ, തൃക്കളൂർ | 10000 | 5400 |

ട്രഷറിയിൽനിന്നും പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള തുക ഗുണഭോക്താക്കൾക്ക് നൽകാതെ അക്കൗണ്ടിൽ സൂക്ഷിച്ചതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/5-6-2017) നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ ഭൂരിഭാഗവും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും മലയോര മേഖലകളിൽ താമസിക്കുന്നവരുമായതിനാലും ചില ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് ഇല്ലാത്തതുമാണ് കാലതാമസത്തിന് കാരണമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കക്കൂസ് നിർമാണം അടിയന്തിരമായി പൂർത്തീകരിച്ച് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-16 പിഎംഎ.വൈ വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണം

പി.എം.എ. വൈ വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം ഭവന നിർമാണത്തിനായി മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകിയ താഴെപ്പറയുന്ന തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| വർഷം | പ്രൊജക്ട് നം. | ചെലവ് | ബിൽ നം. |
|---|---|---|---|
| 2016-17 | 180/17 (GL) | 140000 | 4/16.3.17 |

# 3-17 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സാനിറ്ററി നാപ്കിൻ എന്ന പദ്ധതിയുടെ വിഭാവനത്തിലും നിർവ്വഹണത്തിലും അപാകതക

പ്രൊജക്ട് നം. 143/2017-ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സാനിറ്ററി നാപ്കിൻ

അടങ്കൽ-60000 (വികസന ഫണ്ട്)

ബിൽ നം. 5/24.11.16, തുക-30000

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്, വിയ്യക്കുറിശ്ശി

പഞ്ചായത്ത് പരിധിയിലുള്ള ഗവ.ഹയർസെക്കണ്ടറി സ്കൂളിലെ യു.പി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന 667 പെൺകുട്ടികളെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തി സാനിറ്ററി നാപ്കിൻ, ഇൻസിനറേറ്റർ, അലമാര എന്നിവ വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.
പ്രൊജക്ടിൽ താഴെപ്പറയുന്ന പ്രകാരമാണ് തുക വകയിരുത്തിയിരിക്കുന്നത്.

| | |
|---|---|
| സാനിറ്ററി നാപ്കിൻ | 1650 |
| ഇൻസിനറേറ്റർ | 40158 |
| അലമാര | 18192 |
| ആകെ | 60000 |

ബിൽ നം. 5/24.11.16, പ്രകാരം 30000 രൂപ പിൻവലിച്ച് മുൻകൂറായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജർക്ക് (ഡി.ഡി നം. 454175/25.11.16) നൽകിയിട്ടുണ്ട്.

രേഖകളുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണ്ടെത്തി.

1) 1994 ലെ കേരളാ പഞ്ചായത്ത് നിയമത്തിലെ മൂന്നാം പട്ടികയിലെ മേഖലാ ചുമതലകൾ പ്രകാരം ഹൈസ്കൂൾ/ഹയർസെക്കണ്ടറി സ്കൂളുകളുടെ പ്രവർത്തനം ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്നില്ല. ആയതിന്റ ചുമതല ജില്ലാപഞ്ചായത്തുകൾക്കാണ്.

2) മുൻകൂർ നൽകുന്നതിനുമുമ്പായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനുമായി എഗ്രിമെന്റ് ചമച്ചിട്ടില്ല.

3) പദ്ധതിയിൽ വിഭാവനം ചെയ്തത് പ്രകാരമുള്ള ഇൻസിനറേറ്റർ സ്ഥാപിക്കുകയോ വിദ്യാർത്ഥിനികൾക്ക് നാപ്കിൻ നൽകുകയോ നാളിതുവരെയും ചെയ്യാത്തതിനാൽ പദ്ധതി ആവിഷ്കരിച്ചതിന്റെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടില്ല.
ഓഡിറ്റ് നിർദ്ദേശം
സർക്കാർ സാധൂകരണത്തിനു വിധേയമായി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി നടപ്പിലാക്കാത്തപക്ഷം മുൻകൂറായി നൽകി തുക തിരികെ ഈടാക്കേണ്ടതാണ്.

ആയതുവരെ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പദ്ധതി ഏറ്റെടുത്ത് ചെലവഴിച്ച 30000 രൂപ തടസപ്പെടുത്തുന്നു.
(ഓഡിറ്റ് അന്വേഷണം നം. 20/7-6-2017 ന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.)

# 3-18 എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം- സൈക്കിളുകൾ വിതരണം നടത്തിയിട്ടില്ല

പ്രൊ.നം. 160/17-എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

അടങ്കൽ - 347500

ചെലവ് - 284566

ബിൽ നം. 10/31-3-2017

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്, വിയ്യക്കുറിശ്ശി

സൈക്കിൾ വിതരണ പദ്ധതി നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ച് മുരളി സൈക്കിൾസ്, കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിൽനിന്നും താഴെപ്പറയുന്ന നിരക്കിൽ സൈക്കിളുകൾ വാങ്ങിയിട്ടുണ്ട്.

| സ്ഥാപനം | ആൺകുട്ടികളുടെ സൈക്കിളിന്റെ നിരക്ക് | പെൺകുട്ടികളുടെ സൈക്കിളിന്റെ നിരക്ക് |
|---|---|---|
| മുരളി സൈക്കിൾസ്, കരുനാഗപ്പള്ളി<br>(ബിൽ നം. 2693/22-3-2017 – 284566 രൂപ) | 3792 | 4190 |

ഈ പദ്ധതി പ്രകാരം സൈക്കിൾ വാങ്ങി നൽകിയതിൽ ആൺകുട്ടികളുടെ 3 സൈക്കിളും പെൺകുട്ടികളുടെ 2 സൈക്കിളും നാളിതുവരെയും വിതരണം ചെയ്തിട്ടില്ല. വിതരണം ചെയ്യാത്ത സൈക്കിളുകളുടെ വിലയായ 19756 രൂപ (3792*3 + 4190*2) തടസപ്പെടുത്തുന്നു. ഓഡിറ്റ് അന്വേഷണം നം.20/7-6-2017 നുള്ള മറുപടിയിൽ ലിസ്റ്റിൽ അപാകതയുണ്ടായിരുന്നതിനാലാണ് വിതരണം വൈകിയതെന്ന് അറിയിച്ചിട്ടുണ്ട്. അർഹതയുള്ളവരെ വിട്ടുപോയിരുന്നതായും ഭരണസമിതിയുടെ തീരുമാനത്തിനു വിധേയമായി സൈക്കിളുകൾ വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

സൈക്കിളുകൾ അർഹരായ ഗുണഭോക്താക്കൾക്ക് അടിയന്തിരമായി വിതരണം ചെയ്യേണ്ടതാണ്.

ഗുണഭോക്താക്കളുടെ അർഹത വിലയിരുത്തുന്നതിനു മുമ്പായി വാങ്ങലുകൾ നടത്തുന്നത് ഒഴിവാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-19 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനമുറി- മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്, വിയ്യക്കുറിശ്ശി

എസ് സി, എസ് ടി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കുന്നതിനായി താഴെപറയുന്ന പദ്ധതികൾ തയ്യാറാക്കി തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നം. | അടങ്കൽ | ചെലവ് | ബിൽനം. |
|---|---|---|---|
| 155/17 -SCP | 250000 | 23280 | 7/31.3.2017 |
| 149/17- ST | 75000 | 213400 | 8/31.3.2017 |

പദ്ധതി നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ ടെണ്ടർ സമർപ്പിച്ച ഗോൾഡൻ സ്റ്റീൽ ഫർണിച്ചർ വർക്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് വാങ്ങൽ നടത്തുകയും ചെയ്തിട്ടുണ്ട്. എസ്.ടി പ്രൊജക്ട്

പ്രകാരം 6 പേർക്കും എസ്.സി പ്രൊജക്ട് പ്രകാരം 55 പേർക്കുമുള്ള സ്റ്റീൽ ടേബിളും പ്ലാസ്റ്റിക് ചെയറും ഈ സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ടേബിളിന് 2838 രൂപ നിരക്കിലും ചെയറിന് 550 രൂപ നിരക്കിലുമാണ് ഫർണിച്ചറുകൾ വാങ്ങിയിട്ടുള്ളത്. കാഷ്ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽനം.096/21.3.2017, തുക-213400 (SC)

ബിൽനം.094/21.3.2017, തുക-23280 (ST)

ഈ പദ്ധതി നിർവഹിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) സബ്സിഡി മാർഗരേഖ ജി.ഒ (എം.എസ്)നം. 4/2016/തസ്വഭവ തീയതി 11.1.2016 പ്രകാരം വിദ്യാർത്ഥികൾക്ക് മരം/സ്റ്റീൽ ഫർണിച്ചറുകളാണ് വാങ്ങി നൽകാവുന്നത്. മാർഗരേഖയിലെ നിർദ്ദേശം പാലിക്കാതെ പ്ലാസ്റ്റിക് കസേരയാണ് വാങ്ങി നൽകിയിട്ടുള്ളത്.

ബി) എസ്.ടി വിഭാഗത്തിലെ ഒരു കുട്ടിക്കും എസ്.സി വിഭാഗത്തിലെ 3 വിദ്യാർത്ഥികൾക്കും നാളിതുവരെയും ഫർണിച്ചറുകൾ വിതരണം ചെയ്തിട്ടില്ല. നാളിതുവരെ വിതരണം ചെയ്യാത്ത 4 ഫർണിച്ചറുകളുടെ വില താഴെകൊടുക്കുന്നു.

SC-3 പേർക്കുള്ളത് (2838+550=3388) 3*3388= 10164

ST- ഒരാൾക്കുള്ളത് (2838+550=3388) 1*3388= 3388

ആകെ തുക -13552

ഓഡിറ്റ് അന്വേഷണം നം. 20/7-6-2017 നുള്ള മറുപടിയിൽ എസ്.ടി വിഭാഗത്തിലെ ഡെയ്സി.കെ.ജോസഫ് എന്ന കുട്ടിയുടെ അച്ഛന് സർക്കാർ ജോലിയുള്ളതിനാൽ ഫർണീച്ചറുകൾ വിതരണം ചെയ്തിട്ടില്ല എന്നും എസ്.സി വിഭാഗത്തിലെ സുമേഷ് എന്ന വിദ്യാർത്ഥിയുടെ പേര് നീക്കം ചെയ്തതായതിനാൽ ഫർണീച്ചറുകൾ വിതരണം ചെയ്തിട്ടില്ല എന്നും എച്ച്.എം അറിയിച്ചിട്ടുണ്ട്. അർഹത വിലയിരുത്താതെ വാങ്ങിയ രണ്ട് ഫർണീച്ചറുകളുടെ വിലയായ 6776 രൂപ (2*3388) ഓഡിറ്റിൽ നിരാകരിക്കുന്നു. എസ്.സി വിഭാഗത്തിലെ കുട്ടികൾക്ക് വിതരണം ചെയ്യാനുള്ള രണ്ട് സെറ്റ് ഫർണീച്ചറുകൾ അർഹതപ്പെട്ട മറ്റ് രണ്ട് പേർക്ക് വിതരണം ചെയ്യുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്. ആയതു വരെ

6776/- രൂപ തടസ്സത്തിൽ വെക്കുന്നു.

ഗുണഭോക്താക്കളുടെ അർഹത വിലയിരുത്തി യഥാർത്ഥ ആവശ്യകത ഉറപ്പാക്കാതെ വാങ്ങലുകൾ നടത്തിയതാണ് ഫർണീച്ചറുകൾ വിതരണം ചെയ്യുവാൻ സാധിക്കാതിരുന്നതെന്ന് വിലയിരുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ഫർണീച്ചറുകൾ അടിയന്തിരമായി വിതരണം ചെയ്യേണ്ടതാണ്.

നിരാകരിച്ച 6776 രൂപ നിർവ്വഹണോദ്യോഗസ്ഥനിൽനിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളും പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-20 ഹോമിയോ മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രോജക്ട് നം.- 172/17

പ്രോജക്ട് - ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഡി.ഡി.നം.454752 തി.17.1.2017 – 100000 രൂപ

ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി 2016-17 വർഷത്തിൽ 1,00,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഹോംകോ, ആലപ്പുഴ-യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിൽ നിന്നും നാളിതുവരെയും മരുന്നുകൾ ലഭ്യമായിട്ടില്ല.

ആവശ്യപ്പെട്ട മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 124500 | ഉഴവുകൂലി | 124500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 115025 | സ്കോളർഷിപ്പ് | 115025 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 329800 | ഒ.ഡി.എഫ് | 0 | 329800 |
| ശുചിത്വമിഷൻ | 2016-17 | 1746000 | ഒ.ഡി.എഫ് | 887600 | 858400 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| | 104/17-പൈപ്പ് ലൈൻ നീട്ടൽ | 11/ 29-11-2016 | 1200000 | 1011016 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായി. | 188984 |

| | | | | |
|---|---|---|---|---|
| കേരള ജല അതോറിറ്റി (ഷൊർണ്ണൂർ) | 214/17-പൈപ്പ് ലൈൻ നീട്ടൽ | 25/ 27-2-2017<br>26/ 27-2-2017 | 2649000<br>766000 | വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല. |
| | 215/17-പൈപ്പ് ലൈൻ നീട്ടൽ | 27/ 27-2-2017 | 525000 | |
| | 184/17-അങ്കണ വാടി കൾക്ക് പൈപ്പ് ലൈൻ | 28/ 27-2-2017 | 130000 | |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് (കാഞ്ഞിരപ്പുഴ ഡിവിഷൻ) | 118/17-കണി വായ്, പാമ്പ ൻതോട് സ്ട്രീറ്റ് ലൈൻ വലിക്കൽ | 21/ 17-1-2017 | 150000 | വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല. |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 3258 രൂപ ഈടാക്കിയിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2015-16 | 3-3 | 2258 | 11609103990/ 14-2-2017 | ശ്രീ.ഗ്രേഷ്യസ് രാജ്.ആർ.എസ് അസി. എഞ്ചിനിയർ |
| | 3-4 | 1000 | | |
| | ആകെ | 3258 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

നിലനിൽക്കുന്ന പരാമർശങ്ങൾ ഒന്നുമില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78520374 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63546589 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6776 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 91532 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-19 | - | 6776 | ശ്രീ.കെ.വിജയകുമാർ,<br>ഹെഡ്മാസ്റ്റർ,<br>ജി.എൽ.പി.എസ്<br>വിയ്യക്കുറിശ്ശി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 35000 | ശ്രീ.ഇ.ഹരിദാസൻ, അസി. സെക്രട്ടറി |
| 3-17 | 30000 | ശ്രീ.കെ.വിജയകുമാർ, ഹെഡ്മാസ്റ്റർ,<br>ജി.എൽ.പി.എസ് വിയ്യക്കുറിശ്ശി |

| | | |
|---|---|---|
| 3-18 | 19756 | ശ്രീ.കെ.വിജയകുമാർ, ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ് വിയ്യക്കുറിശ്ശി |
| 3-19 | 6776 | ശ്രീ.കെ.വിജയകുമാർ, ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ് വിയ്യക്കുറിശ്ശി |
| ആകെ | 91532 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.വിജയകുമാർ, ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ് വിയ്യക്കുറിശ്ശി | എച്ച്.എം, ജി.എൽ.പി.എസ്, വിയ്യക്കുറിശ്ശി | കാർത്തിക, പെരുമ്പടാരി, മണ്ണാർക്കാട്, പാലക്കാട് ജില്ല. |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| | | |
| 1997-98 | എൽ.എഫ്.പി9-921/2002/ 7-1-2003 | 6 |
| 1998-99 | എൽ.എഫ്.പി9-1076/200/19-3-2009 | 4 |
| 1999-2000 | എൽ.എഫ്.പി9-934/2007 2-2-2009 | 12 |
| 2000-01 | എൽ.എഫ്.പി9-2146/2011/2-1-2011 | 4 |
| 2001-02 | എൽ.എഫ്.പി9-834/2007/29-7-2008 | 6 |
| 2002-03 | എൽ.എഫ്.പി9-834/2007/29-7-2008 | 9 |
| 2003-04 | എൽ.എഫ്.പി9-862/2009/7-6-2009 | 1 |
| 2004-05 | എൽ.എഫ്.പി9-862/2009/7-6-2009 | 4 |
| 2005-06 & 2006-07 | കെ.എസ്.എ-പികെഡി9-1761/7-10-2015 | 17 |
| 2007-08 | എൽ.എഫ്.പി9-1066/2014/18-7-2014 | 3 |
| 2008-09 | കെ.എസ്.എ-പികെഡി-9-185/201/11-12-2015 | 6 |
| 2009-10 & 2010-11 | കെ.എസ്.എ-പികെഡി-9-2052/201 /20-3-2017 | 3 |
| 2011-12 | കെ.എസ്.എ-പികെഡി-9-1081/20 /14-05-2015 | 9 |
| 2012-13 | കെ.എസ്.എ-പികെഡി-9-1634/201/1-10-2015 | 4 |
| 2013-14 & 2014-15 | കെ.എസ്.എ-പികെഡി-9-1134/201/24-3-2017 | 18 |
| 2015-16 | കെ.എസ്.എ-പികെഡി-9-2298/201 /19-4-2017 | 8 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# 1

# അനുബന്ധം-1

നം. കെ.എസ്.എ-പികെഡി.9/985 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി -26-08-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്.ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അപാകതകളുടെ സംക്ഷിപ്തം

1. ആസ്തി വിവരങ്ങൾ സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തിമൂല്യം കൃത്യമല്ല.
2. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD-9-985/2017

Kerala State Audit Department

District Audit Office, Palakkad

Date – 26-07-2017

## Audit Certificate

Certified that I have audited the Annual Financial Statement of Kanjirapuzha Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kanjirapuzha Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset value in the Balance Sheet not reflects real value since asset details not linked with Sankhya.
2. Demand, Collection and Balance figures as per Sanchaya Software not in agreement with the figures in AFS.

Deputy Director